(സി) കേരളത്തിനു പുറത്തുനിന്നു പ്രസിദ്ധീകരിക്കുന്ന ഇന്ത്യൻ എക്സ്പ്രസ്, ഇക്കണോമിക് ടൈംസ് എന്നീ പ്രമുഖ പത്രങ്ങൾ ഒഴികെയുള്ള പത്രങ്ങൾക്ക് കാലാകാലങ്ങളിൽ ഡി.എ.വി.പി. നിശ്ചയിക്കുന്ന പരസ്യ നിരക്കാണ് കേരള ഗവൺമെൻറ് നൽകി വരുന്നത്. ഇന്ത്യൻ എക്സ്പ്രസ്, ഇക്കണോമിക് ടൈംസ് എന്നീ പത്രങ്ങൾക്ക് പരസ്യ നിരക്ക് പ്രസ്തുത പത്രസ്ഥാപനങ്ങളിലെ ബന്ധപ്പെട്ടവരും മുഖ്യമന്ത്രി, പബ്ലിക് റിലേഷൻസ് ഡയറക്ടർ എന്നിവരും ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുകയാണ് ചെയ്യുന്നത്.

(ഡി) പ്രസിദ്ധീകരിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

(ഇ) കേരളത്തിനു പുറത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളുടെ കേരളത്തിനകത്തെ പ്രചാരം തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിലില്ല. ഫ്രീ പ്രസ് ജേർണലിന്റെ പ്രചാരം സംബന്ധിച്ച് ഡി.എ.വി.പി. നൽകുന്ന കണക്കാണ് കേരള സർക്കാർ അംഗീകരിച്ച് പോരുന്നത്. 1991-ലെ കണക്ക് ഇതുവരെ ലഭിച്ചിട്ടില്ല.

(എഫ്)	1987-88	1988-89	1989-90
	2,544 രൂപ	44,737 രൂപ	74,958 രൂപ

പത്രലേഖകൻമാർക്ക് അക്രഡിറ്റേഷൻ സൗകര്യം

32. [2049] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസ് രജിസ്ട്രാറിൽനിന്നും ന്യൂസ്പ്രിൻറ് കാട്ടാ ഡയറക്ടർ ഓഫ് അഡ്വർടൈസിംഗിൽനിന്നും കേന്ദ്ര ഗവൺമെൻറ് പരസ്യങ്ങൾ എന്നിവ ലഭിച്ചുവരുന്ന പത്രങ്ങളുടെ ലേഖകൻമാർക്ക് വാർത്താ റിപ്പോർട്ടിംഗിനുള്ള അക്രഡിറ്റേഷൻ സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ബി) റിപ്പോർട്ടിംഗിനുള്ള സൗകര്യങ്ങളനുവദിക്കുമ്പോൾ കേരളത്തിനു പുറത്തുള്ള പത്രങ്ങളെ സംസ്ഥാനത്തിനകത്തുള്ള പത്രങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തുന്ന ചട്ടങ്ങൾ നീക്കം ചെയ്യുമോ;

(സി) സംസ്ഥാന ഗവൺമെൻറിന്റെ പരസ്യങ്ങൾ ലഭിക്കുന്ന ചെറുകിട പത്രങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിന് പ്രചാരം സംബന്ധിച്ച മറ്റ് യോഗ്യതകൾ ആവശ്യമില്ലെന്ന് വ്യവസ്ഥ ചെയ്യുമോ?

ഉത്തരം

(എ) പ്രസ് അക്രഡിറ്റേഷൻ നൽകുന്നതിന് സർക്കാർ ഇപ്പോൾ അനുവർത്തിക്കുന്ന മാനദണ്ഡങ്ങൾ വളരെ ഉദാരമാകയാൽ അവ സംബന്ധിച്ച ചട്ടങ്ങൾ ഇപ്പോൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി) കേരളത്തിൽനിന്നു പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾക്കും കേരളത്തിനു പുറത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് പത്രങ്ങൾക്കും ന്യൂസ് ഏജൻസികൾക്കും ഇപ്പോൾ പ്രസ് അക്രഡിറ്റേഷൻ അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തിനു പുറത്തുനിന്ന് പ്രസിദ്ധീകരിക്കുന്ന ഭാഷാ പത്രങ്ങളുടെ പ്രതിനിധികൾക്ക് പ്രസ് അക്രഡിറ്റേഷൻ അനുവദിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

(സി) ഇങ്ങനെ ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly